# ശാദി ഡോട് കോമിൽ നിന്ന് സവിശേഷ വിവാഹ സമ്മാനം

**വി**വാഹ വേളയിൽ ശാദി ഡോട് കോം അംഗങ്ങളായ വധൂവരൻമാർക്ക് ലഭിക്കുന്ന സമ്മാനങ്ങൾ പാവപ്പെട്ടവർക്ക് നീക്കി വെയ്ക്കുന്ന പദ്ധതിക്ക് തുടക്കമായി.

ഓൺലൈനിൽ സംഭാവനകൾ സ്വീകരിക്കുന്ന അംഗീകൃത ഏജൻസിയായ 'ഗിവ് ഇന്ത്യ'യ്ക്കാണ് വധുവര ൗരോ വിവാഹച്ചടങ്ങിന് ക്ഷണിക്കപ്പെട്ടവരോ നൽകുന്ന സമ്മാനങ്ങൾ പോവുക. ഗിവ് ഇന്ത്യ ഇവ പാവപ്പെട്ടവരെ സഹായിക്കുന്ന സന്നദ്ധ സംഘടനകളെ ഏൽപ്പിക്കും. പ്രമുഖ വൈവാഹിക എജൻസിയായ ശാദിഡോട് കോമിൽ അംഗങ്ങളായവരുടെ വിവാഹ ക്ഷണക്കത്തിൽ തന്നെ ഈ അറിയിപ്പുണ്ടാവും - 'വിവാഹ സമ്മാനം വല്ലതും നൽകാനുദ്ദേശിക്കുന്നുവെങ്കിൽ അത് ഗിവ് ഇന്ത്യക്കയച്ചുകൊടുക്കുക'. കൂടാതെ വിവാഹ ബഡ്ജറ്റിന്റേയും വിവാഹത്തിന് പണമായി ലഭിക്കുന്ന സമ്മാനത്തിന്റേയും ഒരു ഭാഗം ഗിവ് ഇന്ത്യയെ ഏൽപ്പിക്കാനും അംഗങ്ങൾക്ക് ശാദി ഡോട് കോം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇപ്രകാരം പിരിഞ്ഞു കിട്ടുന്ന തുക നിർധനരുടെ വിവാഹാവശ്യത്തിനും മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുക.